പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1161

06.06.2018 ന് മറുപടിയ്ക്ക്.

## സ്ത്രീകളുടെ തൊഴിൽ നൈപുണ്യവികസനത്തിനായുള്ള പദ്ധതികൾ

| *ചോദ്യം*<br>ശ്രീ.ഐ.ബി. സതീഷ് : | *ഉത്തരം*<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| സ്ത്രീകളുടെ തൊഴിൽ നൈപുണ്യ വികസനത്തിനായി സംസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങളോ പദ്ധതികളോ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സ്ത്രീകളുടെ തൊഴിൽ നൈപുണ്യ വികസനത്തിനായി, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് കുടുംബശ്രീയുമായി സഹകരിച്ച് Homestay, Driving, Geriatric Care എന്നീ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിന് ധാരണയായിട്ടുണ്ട്. ആദ്യഘട്ടത്തിൽ Driving, Geriatric Care എന്നിവയിൽ നൈപുണ്യ പരിശീലനം നടന്നു വരുന്നു. Homestay –ൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത്തെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് കൈത്തൊഴിൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, ചെറുകിട ഉപകരണ നിർമ്മാണം എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ